**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **23-08-2022 - ൽ മറുപടിയ്ക്ക്**

**നിരോധിത സാറ്റലൈറ്റ് ഫോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2017-ൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി നെടുമ്പാശ്ശേരിയിൽ പിടിയിലായ യു.എ.ഇ. പൗരനെ കുറ്റവിമുക്തനാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് കൂട്ടുനിന്നു എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോപണം വസ്തുതാ വിരുദ്ധമാണ്.മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ആരും ഇടപെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) | (ബി) യും (സി) യും (ഡി) യും (ഇ) യും<br><br>നിരോധിത സാറ്റലൈറ്റ് ഫോണുമായി യു.എ.ഇ പൗരനെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 949/2017 (U/s 4 r/w 20 ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885) കേസിൽ അന്വേഷണം പൂർത്തിയാക്കി 30.07.2017-ൽ ബഹു. അങ്കമാലി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതി CC 674/2017 നമ്പരായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ പ്രതി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ച് നൽകിയ അപേക്ഷ Crl.MC 7298/2017 നമ്പരായി ഫയലിൽ സ്വീകരിച്ച് 16.01.2019-ൽ ബഹു. ഹൈക്കോടതി ടി കേസുമായി ബന്ധപ്പെട്ട നടപടികളെല്ലാം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് ബഹു. അങ്കമാലി JFCM കോടതി ഈ കേസിലെ തുടർ നടപടികൾ 15.03.2019-ൽ അവസാനിപ്പിച്ചിട്ടുള്ളതും ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറിനെ അറിയിച്ചിട്ടുള്ളതുമാണ്. |
| (സി) | പിടിച്ചെടുത്ത ഫോണുൾപ്പെടെ പ്രതിയെ കസ്റ്റഡിയിലെടുത്ത് പരിശോധന | (സി) | മറുപടി ബി യിൽ നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | ഇന്ത്യൻ വയർലെസ്സ് ആക്ട്, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കേസ് എടുക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ; | (ഡി) | മറുപടി ബി യിൽ നൽകിയിരിക്കുന്നു. |
| (ഇ) | പ്രസ്തുത ഫോൺ പരിശോധനയ്ക്ക് അയച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഇ) | മറുപടി ബി യിൽ നൽകിയിരിക്കുന്നു. |
| (എഫ്) | പ്രസ്തുത വ്യക്തിയുടെ ജാമ്യാപേക്ഷ സർക്കാർ കോടതിയിൽ എതിർത്തിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (എഫ്) | എതിർത്തിരുന്നു. |

സെക്ഷൻ ഓഫീസർ